# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/207/2016 പത്രക്കുറിപ്പ് 2016 സെപ്തംബർ 28

## ഒന്നും രണ്ടും സെമസ്റ്റർ ബി.എ/ബി.കോം (പ്രൈവറ്റ്) പരീക്ഷാ തീയതി

ഒന്നും രണ്ടും സെമസ്റ്റർ ബി.എ/ബി.കോം (സി.ബി.സി.എസ്.എസ് – പ്രൈവറ്റ് രജിസ്ട്രേഷൻ – റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ യഥാക്രമം ഒക്ടോബർ 21, നവംബർ 4 എന്നീ തീയതികളിൽ ആരംഭിക്കും.

## പരീക്ഷാ തീയതി

രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് (ബയോമെഡിക്കൽ ഇൻസ്ട്രമെന്റേഷൻ – പുതിയ സ്കീം 2015 അഡ്മിഷൻ റഗുലർ, 2014 അഡ്മിഷൻ സപ്ലിമെന്ററി/പഴയ സ്കീം 2014ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 21ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ ഒക്ടോബർ 5 വരെയും 50 രൂപ പിഴയോടെ 6 വരെയും 500 രൂപ സൂപ്പർഫൈനോടെ 13 വരെയും സ്വീകരിക്കും.

ആറാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി (2013 അഡ്മിഷൻ റഗുലർ, 2013ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 21ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ ഒക്ടോബർ 5 വരെയും 50 രൂപ പിഴയോടെ 6 വരെയും 500 രൂപ സൂപ്പർഫൈനോടെ 13 വരെയും സ്വീകരിക്കും.

നാലാം സെമസ്റ്റർ എം.എസ്.സി സ്പെയ്സ് സയൻസ് ആന്റ് ടെക്നോളജി (2014 അഡ്മിഷൻ റഗുലർ, സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 14ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ ഒക്ടബർ 1 വരെയും 50 രൂപ പിഴയോടെ 3 വരെയും 500 രൂപ സൂപ്പർഫൈനോടെ 5 വരെയും സ്വീകരിക്കും.

## പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷ: അപേക്ഷാ തീയതി

സർവ്വകലാശാലയുടെ അംഗീകൃത ഗവേഷണകേന്ദ്രങ്ങളിൽ പി.എച്ച്.ഡി കോഴ്സ് വർക്ക് പൂർത്തിയാക്കിയ യോഗ്യരായ ഗവേഷണ വിദ്യാർത്ഥികളിൽ നിന്ന് പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ പിഴകൂടാതെ ഒക്ടോബർ 6 വരെയും 50 രൂപ പിഴയോടെ 14 വരെയും 500 രൂപ സൂപ്പർഫൈനോടെ 19 വരെയും സ്വീകരിക്കും. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാ ഫലം

2015 നവംബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.ബി.എ ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഒക്ടോബർ 15 വരെ സ്വീകരിക്കും.

## എം.ടെക് കംപ്യൂട്ടർ സയൻസ് ആന്റ് ടെക്നോളജി: എസ്.സി./എസ്.ടി. സീറ്റൊഴിവ്

സ്കൂൾ ഓഫ് കംപ്യൂട്ടർ സയൻസിൽ 2016–18 വർഷത്തെ എം.ടെക് കംപ്യൂട്ടർ സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിൽ എസ്.സി, എസ്.ടി വിഭാഗങ്ങളിൽ 2 വീതം സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി സെപ്തംബർ 30ന് രാവിലെ 10 മണിക്ക് നേരിട്ട് ഹാജരാകണം.

## എസ്.ടി. വിഭാഗം സീറ്റൊഴിവ്

എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് പ്യൂർ ആന്റ് അപ്ലൈഡ് ഫിസിക്സ് വകുപ്പിൽ എം.എസ്.സി ഫിസിക്സ് കോഴ്സിന് എസ്.ടി വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. നിശ്ചിത യോഗ്യതയുള്ള

താൽപര്യമുള്ളവർ സെപ്തംബർ 30ന് ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെടുക. ഫോൺ 0481-2731043.

## ബി.ബി.എ എൽ.എൽ.ബി: എസ്.ടി. സീറ്റൊഴിവ്

എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ ബി.ബി.എ എൽ.എൽ.ബി കോഴ്സിന് എസ്.ടി വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. സർവ്വകലാശാല വെബ് സൈറ്റിൽ നൽകിയിട്ടുള്ള നോട്ടിഫിക്കേഷൻ അനുസരിച്ച് നിശ്ചിത യോഗ്യതയുള്ള എസ്.ടി വിദ്യാർത്ഥികൾ സെപ്തംബർ 29ന് ഉച്ചയ്ക്ക് 2 മണിക്ക് സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടക്കുന്ന സ്പോട്ട് അഡ്മിഷനിൽ ബന്ധപ്പെട്ട രേഖകൾ സഹിതം ഹാജരാകണം. ഫോൺ 0481-2310165.

## ലോക ഹൃദയദിനം: ഇന്ന് ഏകദിന ശില്പശാല

എം.ജി സർവ്വകലാശാല നാഷണൽ സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്തംബർ 29) മാന്നാനം കെ.ഇ കോളജിൽ വച്ച് ലോക ഹൃദയദിനത്തോടനുബന്ധിച്ച് ഹൃദയാരോഗ്യത്തെക്കുറിച്ചുള്ള ഏകദിന ശില്പശാല നടത്തും. പ്രിൻസിപ്പാൾ റവ. ഡോ. ബെന്നി സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ് എന്നിവർ ഉദ്ഘാടനം നിർവ്വഹിക്കും. കോട്ടയം ജില്ലയിലെ വിവിധ കോളജുകളിൽ നിന്നുള്ള എൻ.എസ്.എസ് വോളന്റിയർമാർ ശില്പശാലയിൽ പങ്കെടുക്കും.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)